**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3773** **12-03-2025 - ൽ മറുപടിയ്ക്ക്**

**പേവിഷ പ്രതിരോധ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തെരുവുനായകളിൽ പേവിഷബാധ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗവ്യാപനം നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (ബി) | സംസ്ഥാനം പേവിഷ വിമുക്തമാക്കുന്നതിന്റെ ഭാഗമായി തെരുവുനായ്ക്കളിലും വളർത്തുനായ്ക്കളിലും പേവിഷപ്രതിരോധ കുത്തിവെയ്പ്പ് (Mass Dog Vaccination-2022) 2022 സെപ്റ്റംബർ മുതൽ മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്നു. മാസ് ഡോഗ് വാക്സിനേഷന് ആവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി നൽകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ചികിത്സാ സ്ഥാപനങ്ങളിൽ വളർത്തുനായകൾക്ക് സൗജന്യമായി വാക്സിൻ നൽകുന്നു. മൃഗസംരക്ഷണ വകുപ്പ്, മിഷൻ റാബീസുമായി 16.06.2023 ന് ധാരണാപത്രം ഒപ്പു വയ്ക്കുകയും 2022 മുതൽ നടത്തിവരുന്ന മാസ് ഡോഗ് വാക്സിനേഷൻ പദ്ധതിയിൽ മിഷൻ റാബീസ് സഹകരിച്ച്, പ്രവർത്തിച്ചു വരികയും ചെയ്യുന്നു.<br><br>മാസ് ഡോഗ് വാക്സിനേഷൻ-2024 ന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ സഞ്ചരിയ്ക്കുന്ന മിഷൻ റാബീസിന്റെ Awareness Vehicle ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി 04.12.2024 ന് ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത വാഹനം തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ സഞ്ചരിച്ച് സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസ്സുകളും അതോടൊപ്പം തെരുവുനായകളിൽ വാക്സിനേഷനും നടത്തി വരുന്നു. മുൻ വർഷത്തിലേതിൽ നിന്നും വ്യത്യസ്തമായി |

| | | | |
|---|---|---|---|
| | | | (ക്യാമ്പെയിൻ മോഡ് മാറ്റി) ഒരു വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയായിട്ടാണ് മാസ് ഡോഗ് വാക്സിനേഷൻ 2024 ആരംഭിച്ചിട്ടുള്ളത്. നടപ്പ സാമ്പത്തിക വർഷത്തിൽ 67,035 എണ്ണം (31.01.2025 വരെ) തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തിയിട്ടുണ്ട്.<br><br>തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തുന്നതിനായി 'Rabeis Free Trivandrum' എന്ന പദ്ധതി 2023 മാർച്ച് 1 ന് ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിച്ചു. വളരെ വിജയകരമായ ഈ പദ്ധതി കൊല്ലം, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ആരംഭിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവർ സംയുക്തമായി മിഷൻ റാബീസ് എന്ന സംഘടനയുടെ സഹകരണത്തോടെയാണ് 'Rabeis Free Trivandrum' പദ്ധതി നടപ്പിലാക്കുന്നത്. മിഷൻ റാബീസ് സൗജന്യമായിട്ടാണ് പദ്ധതിയിൽ പ്രവർത്തിയ്ക്കുന്നത്. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയായ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | സംസ്ഥാനത്ത് വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെപ്പ് നിർബന്ധിതമാക്കിയിട്ടുണ്ടോ; നായ്ക്കൾക്കു പേവിഷ പ്രതിരോധ കുത്തിവെപ്പ് എടുക്കാതെ വളർത്തുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് വളർത്തുനായകൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ലൈസൻസ് അനുവദിയ്ക്കുന്നതിന് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. |
| (ഡി) | വളർത്തുനായ്ക്കൾക്ക് നിർബന്ധിതമായി പേവിഷ പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നതിനായി മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം വിശദമാക്കുമോ; | (ഡി) | വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നതിനായി മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഓരോ യൂണിറ്റുകളിലും വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ കം അറ്റന്റന്റ് എന്നിവരുടെ സേവനം ലഭ്യമാണ്. ചികിത്സാ സേവനങ്ങൾക്കുള്ള നിശ്ചിത ഫീസ് ഡിജിറ്റൽ രൂപത്തിൽ (ഗൂഗിൾ പേ) കർഷകരിൽ നിന്നും സ്വീകരിച്ചുവരുന്നു. വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമബീജസങ്കലനം, പ്രയാസമേറിയ പ്രസവം കൈകാര്യം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളോടൊപ്പം രോഗ പ്രതിരോധ കുത്തിവെയ്പും കർഷകർക്കായി മൊബൈൽ വെറ്ററിനറി ഡോക്ടറുടെ സേവനത്തിലൂടെ ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മൃഗങ്ങൾക്കുള്ള പേവിഷ പ്രതിരോധ വാക്സിനും അനുബന്ധ സൗകര്യങ്ങളും എല്ലാ മൃഗാശുപത്രികളിലും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | എല്ലാ വർഷവും സംസ്ഥാനത്തിന് ആവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ വകുപ്പിന്റെ കീഴിലുള്ള അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ഓഫീസ് മുഖേന വാങ്ങി നൽകുന്നുണ്ട്. കൂടാതെ കുത്തിവയ്പിനാവശ്യമായ അനുബന്ധ സാമഗ്രികളായ സിറിഞ്ച്, നീഡിൽ, കോട്ടൺ, ഗ്ലൗവ്സ് എന്നിവയും വിതരണം ചെയ്യുന്നു. കുത്തിവെയ്പ് എടുത്ത നായകൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റും നൽകി വരുന്നു |

സെക്ഷൻ ഓഫീസർ